പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1802 12.06.2019-ലെ മറുപടിക്ക്

# വിദ്യാർത്ഥികൾക്കുള്ള യാത്ര സൗജന്യം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ അനുവദിച്ചിട്ടുള്ള യാത്രാ സൗജന്യം ഉപയോഗപ്പെടുത്താനാവശ്യമായ ബസ്സുകൾ നിലവിൽ ഇല്ലാത്ത അവസ്ഥയാണുള്ളതെന്ന ഗുരുതര മായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ തികച്ചും സൗജന്യമായാണ് ടൗൺ ടു ടൗൺ ഒഴികെയുള്ള ഓർഡിനറി ബസ്സുകളിൽ യാത്ര അനുവദിക്കുന്നത്. സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് പ്ലസ് ടു-ന് മുകളിലോട്ടുള്ള വിദ്യാർത്ഥികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ കാർഡ് അനുവദിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടില്ലാതെ യാത്ര ചെയ്യുന്നതിന് പരമാവധി സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് എല്ലാ മേഖലാ അധികാരികൾക്കും ഇതിനോടകം തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര ഉറപ്പാക്കുവാൻ ആവശ്യമായ പാസഞ്ചർ ബസ്സുകൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ള കർശന നിർദ്ദേശം അവർ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ ആവശ്യമായ മുൻകരുതൽ നടപടി | (ബി) | 2019 അദ്ധ്യയന വർഷം വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് കാര്യക്ഷമമായി സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിന് എല്ലാ മേഖലാ അധികാരികൾക്കും, യൂണിറ്റ് ആഫീസർമാർക്കും മുൻകൂറായി തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ |

| | | | |
|---|---|---|---|
| | കൾ സ്വീകരിക്കുമോ; | | ക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ടില്ലാതെ യാത്ര ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലയളവിൽ വിദ്യാർത്ഥികൾക്കായി പുതിയ യാത്രാഇളവുകളൊന്നും നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യപ്രതിബദ്ധത കണക്കിലെടുത്താണ് കെ.എസ്.ആർ.ടി.സി വിദ്യാർത്ഥികൾക്ക് കൺസഷൻ നിരക്ക്, 25 ശതമാനത്തോളം ഈടാക്കാമെന്നിരിക്കെ, 17.32% നിരക്കിൽ ഈടാക്കി വരുന്നത്. നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ കൂടുതൽ ഇളവുകൾ അനുവദിക്കാൻ നിർവ്വാഹമില്ല. |
| (ഡി) | ഈ പശ്ചാത്തലത്തിൽ കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് നിലനിന്നിരുന്ന സൗജന്യ യാത്രാസൗകര്യങ്ങൾ തുടരുവാൻ ശ്രമിക്കുമോ എന്നറിയിക്കാമോ? | (ഡി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൽകി വന്നിരുന്ന സൗജന്യങ്ങൾ എല്ലാം തന്നെ തുടർന്നും നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**